# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂൺ 27, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 4

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂൺ 27, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

842/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I** **ചരമോപചാരം**

മുൻ കേരള നിയമസഭാ സ്പീക്കർ ടി. എസ്. ജോണിന്റെ
നിര്യാണം സംബന്ധിച്ച റഫറൻസ് : 1

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂൺ 27 തിങ്കൾ*


വാല്യം 162] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4


നിയമസഭ 2016 ജൂൺ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....,

### ചരമോപചാരം

ടി. എസ്. ജോണിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാ സ്പീക്കർ ടി. എസ്. ജോൺ 2016 ജൂൺ 9-ന് അന്തരിച്ചു. പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ തെക്കേമുറിയിൽ മത്തായിയുടെ മകനായി 1939 ഒക്ടോബർ 21-ന് ടി. എസ്. ജോൺ ജനിച്ചു. ചങ്ങനാശ്ശേരി എസ്. ബി. കോളേജ് വിദ്യാർത്ഥിയായിരിക്കെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തുകൊണ്ട് പൊതുപ്രവർത്തന രംഗത്തെത്തി. എറണാകുളം ലോ കോളേജിൽ നിന്നും നിയമബിരുദം നേടിയ ശേഷം ഹൈക്കോടതി അഭിഭാഷകനായും പ്രവർത്തിച്ചു. കേരള കോൺഗ്രസ്സിലൂടെ പൊതുപ്രവർത്തന രംഗത്ത് അദ്ദേഹം സജീവമായി.

1970, 1977, 1982, 1996 വർഷങ്ങളിൽ യഥാക്രമം നാല്, അഞ്ച്, ഏഴ്, പത്ത് കേരള നിയമസഭകളിലേക്ക് കല്ലൂപ്പാറ മണ്ഡലത്തിൽ നിന്ന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

നാലാം കേരള നിയമസഭയുടെ കാലയളവിൽ 1976 ഫെബ്രുവരി 17 മുതൽ 1977 മാർച്ച് 25 വരെ അദ്ദേഹം സ്പീക്കർ പദവി വഹിച്ചു. 36-ാമത്തെ വയസ്സിലാണ് ടി. എസ്. ജോൺ സ്പീക്കറായതെങ്കിലും സഭയെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ അദ്ദേഹത്തിന്റെ നൈപുണ്യത്തെ മുതിർന്ന അംഗങ്ങൾ പോലും പ്രശംസിച്ചിട്ടുണ്ട്. സഭാനാഥനെന്ന നിലയിൽ സഭയുടെ അന്തസ്സും യശസ്സും പരിപാലിക്കുന്നതിൽ

അദ്ദേഹം മാതൃകാപരമായി പ്രവർത്തിച്ചു. തുടർന്ന് 1978 ഒക്ടോബർ 19 മുതൽ ഒക്ടോബർ 27 വരെയുള്ള കാലയളവിൽ എ. കെ. ആന്റണി മന്ത്രിസഭയിലും 1978 ഒക്ടോബർ 29 മുതൽ 1979 ഒക്ടോബർ 7 വരെയുള്ള കാലയളവിൽ പി. കെ. വാസുദേവൻ നായർ മന്ത്രിസഭയിലും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകളുടെ ചുമതല നിർവ്വഹിച്ചിട്ടുള്ള അദ്ദേഹം തന്റെ വകുപ്പുകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിന് മുൻകയ്യെടുത്തു. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ എന്ന നിലയിലും സാമാജികൻ എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിയത്. ഏതു പദവികൾ വഹിക്കുമ്പോഴും, ജനങ്ങളുമായുള്ള അസാധാരണ ബന്ധം അദ്ദേഹത്തിന്റെ സവിശേഷ രീതിയായിരുന്നു. ഇത് പുതുതലമുറയിലെ പൊതുപ്രവർത്തകർക്ക് മാതൃകയാണ്.

കേരള കോൺഗ്രസ് (ജെ) വൈസ് ചെയർമാൻ, കേരള കോൺഗ്രസ് (എം) വൈസ് ചെയർമാൻ, കേരള കോൺഗ്രസ് (എം) ഉന്നതാധികാര സമിതി അംഗം, കവിയൂർ ഗ്രാമപഞ്ചായത്ത് അംഗം തുടങ്ങിയ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് (സെക്യുലർ) ചെയർമാനായും പ്രവർത്തിച്ചിരുന്നു. നിയമ, വിദ്യാഭ്യാസ മേഖലകളിലും അദ്ദേഹം സജീവമായിരുന്നു.

ടി. എസ്. ജോണിന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സാമാജികനേയും പൊതുപ്രവർത്തകർക്ക് മാതൃകയായ, ആദർശശാലിയായ ഒരു രാഷ്ട്രീയ പ്രവർത്തകനേയും ഭരണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

9.02 A.M]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമനിർമ്മാണരംഗത്തും ഭരണനേതൃത്വത്തിലും ഒരുപോലെ തിളങ്ങിയ ശ്രദ്ധേയമായ രാഷ്ട്രീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ടി. എസ്. ജോൺ. ജനകീയ പ്രശ്നങ്ങൾ പൊതുവിലും മലയോര കർഷകരുടെ പ്രശ്നങ്ങൾ പ്രത്യേകിച്ച് ഏറ്റെടുക്കുന്നതിലും അവയ്ക്ക് പരിഹാരം തേടുന്നതിലും ടി. എസ്. ജോൺ വഹിച്ച പങ്ക് അദ്ദേഹത്തെ കർഷക ജനതയ്ക്ക് പ്രത്യേകം പ്രിയങ്കരനാക്കിയിരുന്നു. കേരളത്തിന്റെ തനതായ ആവശ്യങ്ങൾ ജനശ്രദ്ധയിലും കേന്ദ്രശ്രദ്ധയിലും കൊണ്ടുവരുന്നതിൽ സവിശേഷ താല്പര്യമാണ് എന്നും ടി. എസ്. ജോൺ കാട്ടിയത്. നെൽക്കൃഷിക്കാരുടെയും റബ്ബർ കൃഷിക്കാരുടെയും താല്പര്യങ്ങളുടെ പ്രധാന വക്താക്കളിൽ ഒരാളായിരുന്നു ടി. എസ്. ജോൺ. നിയമസഭാ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ നിയമസഭയുടെ സ്പീക്കറായി ശ്രദ്ധേയനായ വ്യക്തിയാണ് അദ്ദേഹം. സഭാംഗങ്ങളുടെ അധികാരാവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ പൊതുവെ നിഷ്പക്ഷതയോടെ അദ്ദേഹം മാതൃക കാട്ടി. രണ്ടാം ഘട്ടത്തിലാകട്ടെ, കാര്യക്ഷമതയോടെ വകുപ്പ്

കൈകാര്യം ചെയ്യുന്ന മികവുറ്റ മന്ത്രി എന്ന നിലയിലും അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. സഭയെ നിയന്ത്രിക്കുക എന്ന ദൗത്യം ശ്രദ്ധേയമാംവിധം നിർവ്വഹിച്ച് സ്പീക്കർ സ്ഥാനത്തുള്ള തന്റെ മികവ് കേരളത്തെ ബോധ്യപ്പെടുത്തിയ നേതാവാണ് അദ്ദേഹം. 1970-ലും 1977-ലും 1982-ലും 1996-ലുമൊക്കെ സഭയിൽ വളരെ ശ്രദ്ധേയ സാന്നിദ്ധ്യമായിരുന്ന ടി. എസ്. ജോണിന് തന്റെ നിയമപരിജ്ഞാനവും അഭിഭാഷകവൃത്തിയും സ്പീക്കർ എന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങൾക്കും മന്ത്രി എന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങൾക്കും പ്രയോജനകരമായി. ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രിയായിരിക്കെ ന്യായ വിലയ്ക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്നതിൽ അദ്ദേഹം കാട്ടിയ താല്പര്യം പൊതുജന ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. മാവേലി സ്റ്റോർ വരുംമുമ്പ് ടി. എസ്. ജോൺ ഏർപ്പെടുത്തിയ കേരള സ്റ്റോറുകൾ പൊതുവിതരണ രംഗത്തെ ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായി വിലയിരുത്തപ്പെട്ടു. മന്ത്രി എന്ന നിലയ്ക്ക് ടി. എസ്. ജോൺ നടത്തിയ ചില പ്രവർത്തനങ്ങൾ സഭയുടെ ആകെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ, കർഷക ജനതയുടെ നേതാവ്, ഭരണനൈപുണ്യമുള്ള മന്ത്രി, നിയമസഭയിൽ ഇരുപക്ഷത്തിന്റെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ കഴിവുറ്റ സ്പീക്കർ എന്നിങ്ങനെ കേരളത്തിന്റെ പൊതുജനാധിപത്യ മണ്ഡലത്തിന് ടി. എസ്. ജോൺ നൽകിയ സംഭാവനകൾ കേരള ചരിത്രത്തിന്റെ ഭാഗമാണ്. കേരള കോൺഗ്രസ്സിലൂടെ ശ്രദ്ധേയമായ തലങ്ങളിലേക്ക് ഉയർന്ന അദ്ദേഹം ഒരു ഘട്ടത്തിൽ കേരള കോൺഗ്രസ് (സെക്യുലർ)-ന്റെ നേതാവായി. പല പതിറ്റാണ്ട് കേരളത്തിന്റെ പൊതുരാഷ്ട്രീയത്തിന്റെ മുൻനിരയിലുണ്ടായിരുന്ന ടി. എസ്. ജോണിന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു. സഭയ്ക്കും കേരളത്തിനും കനത്ത നഷ്ടമാണ് ഈ വിയോഗം. ആ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

9.06 A.M]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ കർഷകരുടെ ശബ്ദമായിരുന്ന യശഃശരീരനായ ടി. എസ്. ജോൺ. അദ്ദേഹം ഈ നിയമസഭയിൽ ഗൂഡല്ലൂരിലെ മലയാളികളായ കർഷകരെ കുടിയിറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പോരാട്ടം ശ്രദ്ധേയമായിരുന്നു. സഭയ്ക്കകത്തും പുറത്തും കർഷകരുടെ അവകാശങ്ങൾക്ക് വേണ്ടി നിരന്തര പോരാട്ടം നടത്തിയ സൗമ്യതയുടെ പ്രതീകമായി ടി. എസ്. ജോണിനെ വിലയിരുത്താൻ കഴിയും. കേരള നിയമസഭയിൽ അദ്ദേഹം അംഗമാകുന്നത് കല്ലൂപ്പാറ നിയോജക മണ്ഡലത്തിൽ നിന്നാണ്. ഇന്ന് കല്ലൂപ്പാറ നിയോജകമണ്ഡലമില്ല, ഇന്ന് അത് തിരുവല്ല നിയോജക മണ്ഡലത്തിന്റെ ഭാഗമാണ്. 1970-1977 കാലഘട്ടത്തിൽ നിയമസഭയിലേക്ക് വന്ന ടി. എസ്. ജോൺ സാധാരണക്കാരും പാവപ്പെട്ടവരുമായ

കർഷകരുടെയും തൊഴിലാളികളുടെയും അവകാശങ്ങൾ ക്കുവേണ്ടി എന്നും നില കൊണ്ടിരുന്നു. 1976-ൽ മൊയ്തീൻകുട്ടി ഹാജിയുടെ രാജിയെത്തുടർന്ന് 36-ാമത്തെ വയസ്സിൽ ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കർമാരിൽ രണ്ടാമനായി അദ്ദേഹം ചുമതലയേൽക്കുകയുണ്ടായി. അഞ്ചാം കേരള നിയമസഭയിൽ ടി. എസ്. ജോൺ എ. കെ. ആന്റണി മന്ത്രിസഭയിൽ 9 ദിവസം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നു. 1978-ലെ പി. കെ. വി. മന്ത്രിസഭയിൽ ഏകദേശം ഒരു വർഷക്കാലം വീണ്ടും ഭക്ഷ്യ വകുപ്പുമന്ത്രിയായും പ്രവർത്തിച്ചിട്ടുണ്ട്. സ്പീക്കർ എന്ന നിലയിലും മന്ത്രി എന്ന നിലയിലും പ്രാഗത്ഭ്യം തെളിയിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ലളിതജീവിതം കൊണ്ട് എല്ലാവരെയും ആകർഷിക്കുന്ന ഒരു പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. തനിക്ക് ശരിയെന്ന് തോന്നുന്ന പാതയിൽ സഞ്ചരിക്കാൻ ടി. എസ്. ജോൺ ഒരിക്കലും മടി കാട്ടിയിരുന്നില്ല. ഈ സഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാൻ എന്നുള്ള നിലയിലും 1999-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി അംഗം എന്നുള്ള നിലയിലും അദ്ദേഹത്തിന് പ്രാഗത്ഭ്യം തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുന്ന കാര്യത്തിൽ ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ അദ്ദേഹം നൂറുശതമാനം വിജയമായിരുന്നു. മന്ത്രി എന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹം ആരംഭിച്ച കേരള സ്റ്റോറുകൾ വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഭക്ഷ്യ വകുപ്പുമന്ത്രി എന്ന നിലയിൽ പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്താനും അതുവഴി വിലക്കയറ്റത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനുമുള്ള നിരവധി കർമ്മപരിപാടികൾക്ക് നേതൃത്വം കൊടുക്കാനും കേരള കോൺഗ്രസിന്റെ സമുന്നതനായ നേതാവായി വിവിധ തലങ്ങളിൽ പ്രവർത്തിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. നല്ല മന്ത്രി, നല്ല സ്പീക്കർ, നല്ല നിയമസഭാ സാമാജികൻ എന്നീ നിലകളിലെല്ലാം ജനങ്ങളോടൊപ്പം ജീവിച്ചു; അവരുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച സമുന്നതായ ഒരു നേതാവിനെയാണ് ടി. എസ്. ജോണിന്റെ നിര്യാണംമൂലം നഷ്ടമായിരിക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു

9.09 A.M]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം ചൂണ്ടിക്കാണിച്ചതു പോലെ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് ടി. എസ്. ജോൺ പൊതുരംഗത്തേക്ക് കടന്നുവന്നത്. അദ്ദേഹം പിന്നീട് കേരള നിയമസഭയിൽ അംഗമാവുകയും ചെയ്തു. നാല് തവണ വിജയിച്ച് സഭയിൽ എത്തിയ അദ്ദേഹം സ്പീക്കറും മന്ത്രിയും ആയി.

അതിലെല്ലാം ഉപരിയായി ഏറ്റവും നല്ല കർഷക സുഹൃത്തെന്ന നിലയിൽ കൃഷിക്കാരന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ എല്ലാകാലത്തും വളരെ ശ്രദ്ധയൂന്നിയ പ്രവർത്തനം സംഘടിപ്പിച്ച കൊണ്ടിരിക്കുകയായിരുന്ന അദ്ദേഹം.ഹൈക്കോടതിയിലെ പ്രമുഖനായ അഭിഭാഷകനായിരുന്ന അദ്ദേഹമെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതോടൊപ്പം തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസ പ്രവർത്തകനായും അദ്ദേഹത്തെ കാണാൻ കഴിയും. മല്ലപ്പള്ളിയുടെ ശിൽപിയെന്നാണ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ആ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിലും ആ പ്രദേശത്തെ മുന്നോട്ടുനയിക്കുന്നതിലും അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. ശ്രീ. എ. കെ. ആന്റണിയുടെയും സഖാവ് പി.കെ.വി.-യുടെയും മന്ത്രിസഭകളിൽ അംഗമായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കഴിവുകൾ തെളിയിച്ചത് സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സഖാവ് സി. അച്യുതമേനോൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ടി. എസ്. ജോൺ കേരള നിയമസഭയിൽ സ്പീക്കറായിരുന്നത്. 1976 ഫെബ്രുവരി മുതൽ 1977 മാർച്ച് വരെയുള്ള വളരെ ചുരുങ്ങിയ സമയത്ത് മാത്രമായിരുന്നുവെങ്കിലും നിയമസഭാ സ്പീക്കറെന്ന നിലയിൽ, സഭാനാഥനെന്ന നിലയിൽ അദ്ദേഹം കാണിച്ചിട്ടുള്ള കഴിവുകൾ, അദ്ദേഹത്തിന്റെ പ്രാഗൽഭ്യം എല്ലാം വാഴ്ത്തപ്പെട്ടതാണെന്ന് ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്. വിദ്യാഭ്യാസ പ്രവർത്തകനെന്ന നിലയിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ച് പ്രത്യേകമായി ഞാൻ പരാമർശിച്ചത്, കാസർഗോഡ് ജില്ലയിലെ പെർളയിൽ കഴിഞ്ഞ മൂന്നുനാല് വർഷങ്ങൾക്കിടയിൽ ആരംഭിച്ചിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് മറ്റ് പല സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽനിന്ന് വ്യത്യസ്തമാണെന്ന് വേണമെങ്കിൽ പറയാം. അവിടെ വളരെ ഉദാരമായ സമീപനത്തോടുകൂടി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനും വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള സൗകര്യങ്ങൾ അദ്ദേഹം ഒരുക്കിയിരുന്നുവെന്നുള്ളത് നേരിട്ട് അനുഭവമുള്ളതാണ്. എനിക്ക് അദ്ദേഹത്തെ നേരത്തെ പരിചയമില്ലെങ്കിലും, ഇക്കഴിഞ്ഞ നാലു വർഷക്കാലം കാസർഗോഡുമായി ബന്ധപ്പെട്ട് പല സന്ദർഭങ്ങളിൽ വരികയും പോവുകയും ചെയ്യുമ്പോൾ നേരിട്ടുകണ്ട അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിനയാന്വിതമായ പെരുമാറ്റത്തിലൂടെ ആരെയും ആകർഷിക്കുന്ന വിശാലമായ മനസ്സിന്റെ ഒരു പ്രകടനം അദ്ദേഹവുമായി ബന്ധപ്പെടുമ്പോഴെല്ലാം അനുഭവപ്പെട്ടിട്ടുള്ള കാര്യമാണ്. തീർച്ചയായും, ഒരു വലിയ കർഷക സ്നേഹിയും കർഷകർക്കുവേണ്ടിയുള്ള പോരാട്ടം നടത്തിയ വ്യക്തിയും അതുപോലെ തന്നെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തകനും പ്രമുഖനായ അഭിഭാഷകനുമെന്ന നിലയിലെല്ലാം പ്രവർത്തിക്കുകയും സഭയിൽ സഭാനാഥനായും മന്ത്രിയായും കഴിവ് തെളിയിക്കുകയും ചെയ്ത ആദരണീയനായ, ബഹുമാന്യനായിരുന്ന ടി.എസ്. ജോണിന്റെ നിര്യാണത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുന്നു, ആദരാഞ്ജലികൾ അർപ്പിക്കുന്നു.

9.12 A.M]

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും റവന്യൂ വകുപ്പുമന്ത്രിയുമൊക്കെ പറഞ്ഞത് തന്നെയാണ് ടി. എസ്. ജോണിന്റെ ചരിത്രം. കേരളത്തെ സംബന്ധിച്ചിടത്തോളം ടി. എസ്. ജോണിനെ രാഷ്ട്രീയ-പൊതു രംഗത്തുള്ള എല്ലാവർക്കും അറിയാം. വളരെ സൗമ്യനും അതുപോലെ തന്നെ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടയാളും കർഷക സുഹൃത്തുമൊക്കെയായ നല്ല നേതാവായിരുന്നു ടി. എസ്. ജോൺ. ആദ്യഘട്ടത്തിൽ ഏത് നിയമസഭയിലാണ് അദ്ദേഹം അംഗമായിരുന്നതെന്ന കാര്യം ഞാൻ ഓർക്കുന്നില്ല. അദ്ദേഹം എപ്പോഴും കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ചായിരുന്നു പ്രസംഗിച്ചിരുന്നത്. അദ്ദേഹം പ്രസംഗിക്കാൻ എഴുന്നേറ്റ് നിന്നാൽ ഞങ്ങളൊക്കെ പറയുമായിരുന്നു ഇപ്പോൾ കാർഷിക പ്രശ്നങ്ങൾ പറഞ്ഞുതുടങ്ങുമെന്ന്. കൃഷിക്കാർ, കൃഷിക്കാർ എന്ന് പറഞ്ഞുകൊണ്ടിരിക്കും. അങ്ങനെ അതിൽ വളരെയധികം നൈപുണ്യം കാണിക്കുകയും അവരുടെ പ്രശ്നങ്ങൾ സഭാതലത്തിലും കേരള രാഷ്ട്രീയ തലത്തിലുമൊക്കെ കൊണ്ടുവരുന്നതിൽ വിജയം വരിക്കുകയും ചെയ്ത നേതാവാണ് അദ്ദേഹം. കേരള കോൺഗ്രസ്സുകൾ വളരുകയും തളരുകയും പിന്നെ പിളരുകയും പിന്നെയും പിളരുകയുമൊക്കെ ചെയ്ത ആ പ്രോസസ്സിൽ ഒരുപാട് വ്യക്തിപരമായ നഷ്ടം ഉണ്ടായ നേതാവാണ് അദ്ദേഹം. അതൊക്കെ എല്ലാ രാഷ്ട്രീയത്തിലും സാധാരണയാണ്. എന്നിരുന്നാലും ചരിത്രത്തിൽ നല്ല ഒരു സ്ഥാനമുള്ള ആളാണ് അദ്ദേഹം. ബഹുമാന്യനായ സി.അച്യുതമേനോൻ മുഖ്യമന്ത്രിയും യശഃശരീരനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് പ്രതിപക്ഷ നേതാവുമായിരുന്ന വലിയ സമുന്നതരുടെ കാലഘട്ടത്തിലാണ് അദ്ദേഹം സ്പീക്കറായത് എന്നുള്ളതും ചരിത്രമാണ്. ആ മഹാനേതാവിനെ, നല്ല സുഹൃത്തിനെ, സൗമ്യനായ, എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ട നേതാവായിരുന്ന ടി. എസ്. ജോണിന്റെ വിയോഗം തീർച്ചയായും കേരള രാഷ്ട്രീയത്തിന് വലിയ നഷ്ടം തന്നെയാണ്. കൃഷിക്കാർക്ക് നഷ്ടമാണ്. നമുക്കൊക്കെ ഒരു സുഹൃത്തിന്റെ നഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചിക്കുന്നു.

9.15 A.M]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, അന്തരിച്ച ബഹുമാന്യയായ ടി. എസ്. ജോണിനെ സംബന്ധിച്ച് അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും നടത്തിയ എല്ലാ പരാമർശങ്ങളോടും ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. 1970-ൽ ആദ്യമായി നിയമസഭയിൽ

എത്തുകയും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് അദ്ദേഹത്തിന്റെ പാർട്ടി അന്നത്തെ ഗവൺമെന്റിന് അനുകൂലമായ നിലപാട് എടുത്തപ്പോൾ അന്നത്തെ സ്പീക്കർ കെ. മൊയ്തീൻകുട്ടി ഹാജി രാജിവച്ചതിനെത്തുടർന്ന് അദ്ദേഹം സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സൗമ്യനായ സ്പീക്കർ എന്ന് ആ കാലഘട്ടത്തിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. പിന്നീട് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി പ്രവർത്തിക്കുമ്പോഴും നല്ല മികവുറ്റ ഭരണകർത്താവായി അദ്ദേഹം അറിയപ്പെട്ടു. ഇന്ന് നിലവിലില്ലാത്ത, ഇപ്പോൾ എന്റെ മണ്ഡലമായ തിരുവല്ലയോട് ചേർന്ന് കിടക്കുന്ന പഴയ കല്ലൂപ്പാറ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. അക്ഷരാർത്ഥത്തിൽ തന്നെ രാവും പകലും അത്യദ്ധ്വാനം ചെയ്യുന്ന ഒരു ജനപ്രതിനിധിയായിരുന്നു ടി.എസ്. ജോണെന്ന് ആ നാട്ടുകാർ നന്നായി ഓർമ്മിക്കുന്നുണ്ട്. ഏത് അർദ്ധരാത്രി സമയത്തും ഓടി നടന്ന് നാട്ടിലെ കാര്യങ്ങൾ, അവിടത്തെ വികസന പ്രവർത്തനങ്ങൾ അതിൽ ഇടപെടാനുള്ള വലിയ താൽപര്യവും അതിനുവേണ്ടി അധ്വാനവും സമർപ്പിച്ച വ്യക്തിത്വമായി ആ നാട്ടുകാർ ടി. എസ്. ജോണിനെ ഓർമ്മിക്കുകയാണ്. വരും വരായ്കകൾ എന്താണെന്ന് ഓർത്ത് പരിഭ്രമിച്ചു നിൽക്കാതെ പുതിയ പദ്ധതികൾ നാട്ടിൽ കൊണ്ടുവരാൻ വേണ്ടി വലിയ ശ്രമം നടത്തിയ ജനപ്രതിനിധിയാണ് ടി. എസ്. ജോൺ. വികസന പ്രവർത്തനങ്ങൾ നടത്താൻവേണ്ടി പ്രവർത്തിച്ചതിന്റെ പേരിൽ നിരവധി കേസ്സുകളിൽ, ക്രിമിനൽ കേസ്സുകളിലടക്കം അദ്ദേഹം ഉൾപ്പെട്ടത് ആ നാട്ടുകാർക്ക് നന്നായിട്ടറിയാം. രാഷ്ട്രീയപോരാട്ടങ്ങളിൽ പങ്കെടുത്ത് അദ്ദേഹം കേസ്സുകളിൽ പ്രതിയായിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ, പല കാര്യങ്ങൾ, മല്ലപ്പള്ളി താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട്, ഐ.എച്ച്.ആർ.ഡി. കോളേജ്, കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജ് അതിനെക്കാളുപരി കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഡിപ്പോ കൊണ്ടുവരുന്നതിനായുള്ള പ്രവർത്തന ഫലമായി നിരവധി കേസ്സുകളിൽ അദ്ദേഹം ഉൾപ്പെട്ടു. അതുകൊണ്ട് വ്യക്തിപരമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകളൊന്നും പരിഗണിക്കാതെ അവയെല്ലാം ഏറ്റെടുക്കാനുള്ള തയ്യാറെടുപ്പോടുകൂടി വലിയ അദ്ധ്വാനം നാടിനുവേണ്ടി സമർപ്പിച്ച പൊതുപ്രവർത്തകനായി ടി. എസ്. ജോൺ സ്മരിക്കപ്പെടും. കേരളമൊട്ടാകെ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താൻ തക്കവിധമുള്ള സൗമ്യനായ സ്പീക്കറെന്ന പേര് അദ്ദേഹം സമ്പാദിച്ചു. വലിയ ബഹുമാനം നാട്ടുകാർക്ക് അദ്ദേഹത്തിനായി സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആ ബഹുമാനം നമ്മൾ സമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം അറിയിക്കുന്നു.

9.17 A.M]

ശ്രീ. പി. ജെ. ജോസഫ്: സർ, ടി. എസ്. ജോണിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ യോജിക്കുന്നു. 1970-ൽ ടി. എസ്. ജോണിന്റെ കാർഷിക മേഖലയിലുള്ള പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ ഇ. ജോൺ ജേക്കബ് തിരുവല്ലയിൽ ഞാൻ സ്ഥാനാർത്ഥിയാകണമെങ്കിൽ ടി. എസ്. ജോൺ കല്ലൂപ്പാറയിൽ സ്ഥാനാർത്ഥിയാകണമെന്ന ശക്തമായ നിലപാട് സ്വീകരിച്ചു. ടി. എസ്. ജോൺ രംഗത്ത് വന്നപ്പോൾ ഏറ്റവും സജീവമായ പ്രവർത്തനങ്ങളുമായിട്ടാണ് കാർഷിക രംഗത്ത് അദ്ദേഹം മുന്നേറിയത്. നിഷ്പക്ഷമായി എല്ലാവരെയും ആദരിച്ച് മുന്നോട്ടു പോകുന്ന സ്പീക്കറായി അദ്ദേഹം ഈ സഭയിൽ തിളങ്ങി. സി. അച്യുത മേനോൻ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ഇ.എം.എസ്. പ്രതിപക്ഷ നേതാവുമായിരിക്കുമ്പോൾ ആ സഭയെ നിയന്ത്രിച്ചുകൊണ്ടുപോയ കാര്യങ്ങൾ ഞാൻ ഓർക്കുകയാണ്. അതുപോലെ, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെന്ന നിലയിൽ ചെയ്ത കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഒരു നിയോജകമണ്ഡലത്തിൽ മാതൃകാപരമായി അത്യാവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്ന കേരള സ്റ്റോറുകൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. ആ മോഡലിലാണ് പിന്നീട് മാവേലി സ്റ്റോറുകൾ ഉണ്ടായത്. ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ കല്ലൂപ്പാറ നിയോജകമണ്ഡലത്തിനുവേണ്ടി നടത്തിയ പോരാട്ടം, മല്ലപ്പള്ളി താലൂക്ക്, എഞ്ചിനീയറിംഗ് കോളേജ് ഇവയെല്ലാം അദ്ദേഹത്തിന്റെ സംഭാവനയാണ്. അവിടെ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതുൾപ്പെടെ ആ മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിനു വേണ്ടി ശക്തമായ പോരാട്ടങ്ങളാണ് അദ്ദേഹം നടത്തിയത്. അതോടൊപ്പം ലളിത ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ടി. എസ്. ജോൺ യാത്ര പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പോക്കറ്റിൽ എം.എൽ.എ. പാസ്സും പത്ത് രൂപയുമാണ് ഉണ്ടാകുന്നത്. അതുമായിട്ടാണ് യാത്ര പോകുന്നത്. കോട്ടയത്ത് വന്നാൽ തിരുനക്കരയിൽ വളരെ അറിയപ്പെടുന്ന കഞ്ഞി കിട്ടുന്ന ഹോട്ടലുണ്ട്. ഏറ്റവും ചെലവ് കുറഞ്ഞ ഭക്ഷണം അവിടെ നിന്ന് കഴിക്കാം. അദ്ദേഹത്തിന്റെ ഭക്ഷണം അവിടെയായിരുന്നു. ആ നിലയിൽ വളരെ ലളിതമായി സാധാരണക്കാരോടൊപ്പം പ്രവർത്തിച്ച ടി. എസ്. ജോൺ വളരെ പ്രഗൽഭനായ അഭിഭാഷകനായിരുന്നു. ഏറ്റവും ഒടുവിൽ അദ്ദേഹം അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരുന്നുവെന്നുള്ളതാണ് കാണാൻ കഴിയുന്നത്. മാരകമായ രോഗം അദ്ദേഹത്തെ ബാധിച്ചുവെങ്കിലും അതൊന്നും സാരമായി കണക്കാക്കാതെ പ്രവർത്തനത്തിൽ നിരന്തരമായി ഏർപ്പെട്ടിരുന്ന ടി. എസ്. ജോൺ കേരള കോൺഗ്രസ് പാർട്ടിക്ക് അതിശക്തമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

9.21 A.M]

ശ്രീ. ഒ. രാജഗോപാൽ: സർ, ആദർശാധിഷ്ഠിത രാഷ്ട്രീയം അന്യംനിന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ഗ്രാമത്തിൽ ജനിച്ച് കാർഷിക വൃത്തിയിലേർപ്പെട്ടിട്ട് പൊതുപ്രവർത്തനത്തിൽ വന്ന് എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണ നേടാൻ കഴിഞ്ഞിട്ടുള്ള ഒരു മാതൃകാപരമായിട്ടുള്ള പൊതുപ്രവർത്തകനും നേതാവുമായിരുന്നു ടി. എസ്. ജോൺ. അദ്ദേഹത്തിന് പല പാർട്ടികളിലൊക്കെ മാറാൻ സാധിച്ചിട്ടുണ്ടെങ്കിൽത്തന്നെയും അദ്ദേഹത്തിന്റെ അവസാന കാലത്ത് അദ്ദേഹം എൻ.ഡി.എ.യുമായി ആഭിമുഖ്യം പ്രകടിപ്പിച്ച് സംസാരിച്ചത് ഞാൻ ഓർക്കുന്നു. അദ്ദേഹത്തെപ്പോലെയുള്ള ആദർശാധിഷ്ഠിതമായി പ്രവർത്തിക്കുന്നവരെ നഷ്ടപ്പെട്ടുപോകുന്നത് പൊതുപ്രവർത്തനത്തിന് വലിയ നഷ്ടമാണ്. അത് കേരളത്തിന്റെ പൊതുരംഗത്തെ ഒരു നഷ്ടമായി ഞാൻ കാണുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

9.22 A.M]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഈ സഭയുടെ സ്പീക്കർ പദവി അലങ്കരിച്ചിരുന്ന ടി. എസ്. ജോണിന്റെ ദേഹവിയോഗം നമ്മുടെ പൊതു ജീവിതത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. സഭയുടെ എല്ലാ തലങ്ങളിൽനിന്നും ആദരം ഏറ്റുവാങ്ങാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായിട്ടില്ല. വിദ്യാർത്ഥി ജീവിതകാലത്തുതന്നെ സംഘടനാ പ്രവർത്തനം ആരംഭിച്ച് പിന്നീട് കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ നിറസാന്നിദ്ധ്യമായിരിക്കാൻ അദ്ദേഹത്തിന് സാധിച്ചത് അദ്ദേഹത്തിന്റെ വലിയ നേട്ടമായി കാണാവുന്നതാണ്. കേരള കോൺഗ്രസ്സിന്റെ ആരംഭ കാലംതൊട്ടുതന്നെ അതിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന അദ്ദേഹം പൊതുവെ സ്വീകാര്യനായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞ എല്ലാ വികാരങ്ങളും പങ്കുവച്ചുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ നേതൃസിദ്ധിയും പൊതുപ്രവർത്തകരോടും സാമൂഹ്യ രംഗത്തുള്ള വിനിയാന്വിതവും ലളിതവുമായ സമീപനങ്ങളോടുമെല്ലാം കക്ഷിരാഷ്ട്രീയ ബന്ധങ്ങൾക്കതീതമായി അദ്ദേഹത്തിന് ഒരു അംഗീകാരം കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലുണ്ടാക്കിയിട്ടുണ്ട്. സ്പീക്കർ പദവി അലങ്കരിച്ച് ഈ സഭയുടെ തന്നെ നാഥനായി പ്രവർത്തിച്ച ടി. എസ്. ജോണിന്റെ ദേഹവിയോഗത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

9.23 A.M]

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കേരള കോൺഗ്രസ്സിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും ഈ സഭയുടെ അദ്ധ്യക്ഷനമായിരുന്ന ടി. എസ്. ജോൺ സാറിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുകയാണ്. നാല് തവണ കല്ലൂപ്പാറ നിയോജകമണ്ഡലത്തിനെ പ്രതിനിധീകരിച്ച്, ആ മണ്ഡലത്തിലെ വികസന രംഗത്ത് അദ്ദേഹം ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ മുൻനിർത്തി, ആ നാട്ടിലെ ജനങ്ങളുടെ മനസ്സിൽ ഇന്നും നിറഞ്ഞുനിൽക്കുന്ന ഒരു ജനകീയ നേതാവായിരുന്നു ടി. എസ്. ജോൺ. സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് അദ്ദേഹം എന്റെ പിതാവിനോടൊപ്പം കേരള കോൺഗ്രസ്സ് രാഷ്ട്രീയ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോഴാണ് ഞാൻ അദ്ദേഹത്തെ കാണുന്നത്. ഞാൻ ആദ്യമായി ഒരു സ്പീക്കറെ നേരിൽ കാണുന്നത് അദ്ദേഹത്തെയാണ്. എപ്പോഴും ചിരിച്ച മുഖവും ചടുലമായ സംഭാഷണ രീതിയുമായി അദ്ദേഹം എല്ലാവരോടും സരസമായി സംസാരിച്ച് വളരെ സൗമ്യതയോടെ പെരുമാറുന്നതായാണ് കണ്ടിട്ടുള്ളത്. ശ്രീ. പി. ജെ. ജോസഫ് സാർ പറഞ്ഞതുപോലെ വളരെ ലളിതമായ ജീവിതം നയിച്ച ഒരു നല്ല മനുഷ്യൻ. അദ്ദേഹം കേരള കോൺഗ്രസ്സിന്റെ വളർച്ചയ്ക്കും കേരളത്തിലെ കർഷകരുടെ നന്മയ്ക്കും തന്റെ നിയോജകമണ്ഡലത്തിന്റെ വളർച്ചയ്ക്കും അതിലുപരി കേരളമെന്ന ഈ നാടിന്റെ നന്മയ്ക്കും വേണ്ടി വളരെയധികം പരിശ്രമങ്ങൾ നടത്തി. അദ്ദേഹം വക്കീൽ എന്ന നിലയിലും അതിലുപരി വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്ന നിലയിലും, വിദ്യാഭ്യാസ രംഗത്ത് തന്റെ മണ്ഡലത്തിൽക്കൂടി മുന്നോട്ടുവച്ച പ്രവർത്തനങ്ങളുടെ തുടർച്ചയായിട്ടായിരിക്കാം പാവപ്പെട്ടവർക്ക് പരിഗണന നൽകുന്ന തരത്തിലുള്ള നല്ല വിദ്യാഭ്യാസം നൽകുക എന്ന കാഴ്ചപ്പാടോടു കൂടി കാസർഗോഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. എന്നും പാവപ്പെട്ടവരോടും കർഷകരോടുമൊപ്പം നിലയുറപ്പിച്ച ഒരു നല്ല വ്യക്തിയായിരുന്നു അദ്ദേഹം. സ്പീക്കർ എന്ന നിലയിൽ നീതിപൂർവ്വവും സത്യസന്ധവുമായി സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സുയർത്തിപ്പിടിക്കുന്ന തരത്തിലുള്ള നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള ഒരു നല്ല പൊതുപ്രവർത്തകനാണദ്ദേഹം. അദ്ദേഹത്തിന്റെ നഷ്ടം നമ്മുടെ നാടിന് എന്നും ഒരു നഷ്ടം തന്നെയാണ്. തന്റെ വ്യക്തിജീവിതത്തിലെ താങ്ങാൻകഴിയാത്ത സ്വകാര്യ ദുഃഖങ്ങളിൽപ്പോലും മറ്റുള്ളവരോട് ചിരിച്ചും സന്തോഷത്തോടെയും പെരുമാറി തന്റെ ദുഃഖങ്ങൾ പുറത്തറിയിക്കാതെ ഈ നാടിനുവേണ്ടി സംസാരിക്കുന്ന ഒരു നല്ല നേതാവായി ജീവിച്ച് നമ്മെ വിട്ടുപിരിഞ്ഞ ടി. എസ്. ജോൺ സാറിന്റെ എല്ലാ പ്രവർത്തനങ്ങളും ഓർക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ പാർട്ടിയുടെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

9.25 A.M]

ശ്രീ. എൻ. വിജയൻ പിള്ള: സർ, ടി. എസ്. ജോണിനെ സ്മരിക്കുമ്പോൾ നിരവധി ഓർമ്മകൾ ഈ സഭയ്ക്കുണ്ടെന്നറിയാം. നാലാം കേരള നിയമസഭയിൽ 1976 ഫെബ്രുവരി മുതൽ 1977 മാർച്ചുവരെ നിയമസഭാ സ്പീക്കറായി അദ്ദേഹം പ്രവർത്തിച്ചു. സ്പീക്കർ പദവിയോട് നീതി പുലർത്തിയെന്ന് പരക്കെ അംഗീകാരം ടി. എസ്. ജോണിന് ലഭിച്ചു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇരുപത്തിയൊന്ന് വർഷത്തോളം അദ്ദേഹം നിയമസഭാ സാമാജികനായിരുന്നു. ഒരു വർഷക്കാലം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി എന്ന നിലയിലും ഈ സഭയിലുണ്ടായിരുന്നു. കല്ലൂപ്പാറ നിയോജകമണ്ഡലത്തിനുവേണ്ടി കൂടുതൽ വികസനമെത്തിക്കാൻ അദ്ദേഹം കാണിച്ച താല്പര്യവും മാതൃകയാണ്. കേരള കോൺഗ്രസ്സിലെ ആദ്യകാല നേതാവ് എന്ന നിലയിൽ അറിയപ്പെടുന്ന ടി. എസ്. ജോൺ കാരണവർ സ്ഥാനത്തുള്ള നേതാവാണ്. കേരള കോൺഗ്രസ്സിലെ പിളർപ്പുകളിൽ നിലപാടുകൊണ്ട് അദ്ദേഹം ശ്രദ്ധേയനായി. നിയമങ്ങളിലും ചട്ടങ്ങളിലും വലിയ അറിവുണ്ടായിരുന്ന അദ്ദേഹം പ്രമുഖ അഭിഭാഷകനായിരുന്നു. ടി. എസ്. ജോണിന്റെ നിര്യാണത്തിൽ എന്റെ വ്യക്തിപരമായ ദുഃഖവും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ദുഃഖവും വ്യസനത്തോടെ രേഖപ്പെടുത്തുന്നു.

9.26 A.M]

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാന്യനായ ടി. എസ്. ജോൺ സാറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കന്മാരും പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കഷ്ടപ്പെട്ടും കഠിനാദ്ധ്വാനം ചെയ്തും പൊതുപ്രവർത്തന രംഗത്ത് വളരെ മാതൃകയായി പ്രവർത്തിക്കാൻ ടി. എസ്. ജോൺ സാറിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച് കർഷകരുടെയും കർഷക തൊഴിലാളികളുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും പുരോഗതിക്കും വേണ്ടി പ്രവർത്തിക്കാനും വിദ്യാഭ്യാസ രംഗത്ത് നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് പാർട്ടിയുടെ വളരെ സീനിയർ നേതാവായിരുന്ന അദ്ദേഹം. 2001-ൽ ആദ്യമായി കേരള നിയമസഭയിലേക്ക് കടന്നുവന്ന ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാർക്ക് ടി. എസ്. ജോൺ സാറിന്റെ പ്രവർത്തനം മാതൃകയായി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഉച്ച സമയത്ത് എം.എൽ.എ. ഹോസ്റ്റലിനോട് ചേർന്നുള്ള ഇന്ത്യൻ കോഫീ ഹൗസിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ ഒരു സാധാരണ മനുഷ്യനെ പോലെ അദ്ദേഹം വന്ന് ഭക്ഷണം കഴിക്കുമ്പോൾ ഒരു മുൻ സ്പീക്കറാണ് വന്നിരുന്ന് ഭക്ഷണം കഴിക്കുന്നതെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.

വസ്ത്രധാരണം ഇപ്പോഴത്തെ കാലഘട്ടത്തിൽ എല്ലാവർക്കും വലിയ ശ്രദ്ധയുള്ള കാര്യമാണ്. എന്നാൽ ടി. എസ്. ജോൺ സാർ വേഷത്തിലൊന്നും ശ്രദ്ധിക്കാതെ സാധാരണക്കാരുടെ ജീവിതം തന്നെയാണ് നയിച്ചിരുന്നത്. ഞങ്ങൾ അങ്ങോട്ട് ചെന്ന് പരിചയപ്പെട്ട് അദ്ദേഹവുമായി സൗഹൃദം പങ്കിടുകയുണ്ടായി. പൊതു പ്രവർത്തന രംഗത്ത് സുതാര്യവും സംശുദ്ധവുമായ പ്രവർത്തനമാണ് ടി. എസ്. ജോൺ സാർ കാഴ്ചവച്ചിട്ടുള്ളത്. അന്തരിച്ച ആ നല്ല മനുഷ്യന്റെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

9.29 A.M]

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ടി. എസ്. ജോൺ സാറിനെ സംബന്ധിച്ച് അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച അതേ വികാരം മാത്രമാണ് എനിക്കും പ്രകടിപ്പിക്കാനുള്ളത്. ഈ നേതാക്കന്മാർ അറിയാത്ത, പറയാത്ത ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെ സൂചിപ്പിച്ചതുപോലെ വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന കേരള കോൺഗ്രസ്സ് പാർട്ടിക്ക് 1964 ഒക്ടോബർ 9-ാം തീയതി രൂപം കൊടുക്കുമ്പോൾ ആ യോഗത്തിൽ പങ്കെടുത്തവരിൽ ജീവിച്ചിരിക്കുന്ന രണ്ടുപേരിൽ ഒരാളായിരുന്നു ടി. എസ്. ജോൺ. മറ്റൊന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയാണ്. ബാക്കി ഞങ്ങളൊക്കെ പിന്നീട് വന്നുകൂടിയവർ മാത്രമാണ്. അതാണ് സത്യം. അവസാന കാലത്ത് കേരള കോൺഗ്രസ് എന്ന പാർട്ടി വേണോയെന്ന് അദ്ദേഹം എന്നോട് ചോദിച്ചിട്ടുണ്ട്. ഞാനും അദ്ദേഹവുമായി ഒരു ചെറിയ തർക്കമുണ്ടായി. അപ്പോൾ ഞാൻ സെക്കുലർ പാർട്ടിയുടെ ചെയർമാനാണ്. തിരുവല്ല ടി.ബി.-യിലേക്ക് എന്നെ വിളിപ്പിച്ചു. ഞാൻ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞ എല്ലാ പൊതുകാര്യങ്ങളും ശരിയല്ല. ബി. ജെ. പി.-യുമായി ഒരു സഖ്യമുണ്ടാക്കണമെന്ന ആവശ്യമാണ് അദ്ദേഹം ഉന്നയിച്ചത്. എനിക്ക് അതിനോട് യോജിക്കാൻ കഴിയില്ലെന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. അതിന്റെ അനന്തര വശങ്ങളൊക്കെ എല്ലാവർക്കും അറിയാം. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ ഒരു സത്യമുണ്ട്. ഒരു മാതൃകാ എം.എൽ.എ.യായി, മന്ത്രിയായി, സ്പീക്കറായി എങ്ങനെ പ്രവർത്തിക്കാമെന്ന് തെളിയിച്ച മാന്യ വ്യക്തിത്വമാണ് അദ്ദേഹം. അദ്ദേഹം മന്ത്രി സ്ഥാനം വിട്ടുപോയതിനുശേഷമുള്ള ജീവിതത്തെപ്പറ്റി അന്വേഷിച്ചാൽ കാര്യങ്ങൾ മനസ്സിലാകും. അവസാന കാലത്ത് കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുമ്പോൾ നാല് പ്രാവശ്യം അദ്ദേഹത്തിന്റെ നിർബന്ധത്തിന് വഴങ്ങി ഞാനും അവിടെ പോയി. അത് തുടങ്ങരുത്, സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാകുമെന്ന് വളരെ ശക്തമായി ഞാൻ പറഞ്ഞെങ്കിലും അദ്ദേഹം സമ്മതിച്ചില്ലെന്നുമാത്രമല്ല

പലരിൽനിന്നും കടം വാങ്ങിയാണ് അദ്ദേഹം ആ സ്ഥാപനം അവിടെ തുടങ്ങിയത്. അത്രമാത്രം വിദ്യാഭ്യാസ മേഖലയെ സ്നേഹിച്ചിരുന്ന വന്ദ്യനായ ഒരു പൊതുപ്രവർത്തകനെയാണ് കേരളത്തിന് നഷ്ടപ്പെട്ടിട്ടുള്ളത്. വന്ദ്യനായ നേതാവിന്റെ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

മി. സ്പീക്കർ: അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

മി. സ്പീക്കർ: ഓർഡർ........ ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂൺ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.33-ന് പിരിഞ്ഞു.)